**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3661** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ഗഡുക്കളായി നൽകുമെന്ന ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ഗഡുക്കളായി നൽകുമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ സർക്കാർ അനുമതിയോടെയാണോ ഉത്തരവ് നൽകിയിട്ടുള്ളത്; ഇല്ലെങ്കിൽ നിലവിലെ ശമ്പള വിതരണരീതിയിൽ മാറ്റം വരുത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ ആവശ്യമില്ലയോ എന്ന് വ്യക്തമാക്കുമോ; | (എ) | 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി, സർക്കാർ പ്രതിമാസം നൽകിവരുന്ന, വായ്പ ധന സഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതുമൂലം 2023 ജനുവരി മാസത്തെ ശമ്പളം 14/2/2023നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് അംഗീകൃത സംഘടനകളുടെ യോഗത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും, സർക്കാർ സാമ്പത്തിക സഹായം ലഭ്യമായ ശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട് വെച്ചത്. കെ.എസ്.ആർ.റ്റി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് തീരുമാനിച്ചിട്ടില്ല. സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമായ ശേഷം ശമ്പളം ഒരുമിച്ച്മതി എന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഉത്തരവ് പ്രകാരം ഏതെല്ലാം ജീവനക്കാർക്കാണ് ഗഡുക്കളായി ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നത്, ഏതെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി, സർക്കാർ പ്രതിമാസം നൽകിവരുന്ന, വായ്പ ധന സഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതുമൂലം 2023 ജനുവരി മാസത്തെ ശമ്പളം 14/2/2023നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് |

| | | | |
|---|---|---|---|
| | | | ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് അംഗീകൃത സംഘടനകളുടെ യോഗത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും, സർക്കാർ സാമ്പത്തിക സഹായം ലഭ്യമായ ശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട് വെച്ചത്. കെ.എസ്.ആർ.റ്റി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് തീരുമാനിച്ചിട്ടില്ല. സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമായ ശേഷം ശമ്പളം ഒരുമിച്ച്മതി എന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്. |
| (സി) | സി.എം.ഡി. ഉൾപ്പടെ കെ.എസ്.ആർ.ടി.സി.യിൽ സേവനമനുഷ്ഠിക്കുന്നതും എന്നാൽ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ശമ്പളം കൈപ്പറ്റാത്തവരുമായ ഉദ്യോഗസ്ഥർ എത്ര പേരുണ്ട്; സർക്കാർ ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർ എത്ര പേരുണ്ട്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മാത്രമാണ് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ശമ്പളം കൈപ്പറ്റാത്തതായി ഉള്ളത്. സി.എം.ഡി സർക്കാർ ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്നതിനാൽ ഈ ഉത്തരവ് ബാധകമല്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ശമ്പളം കൈപ്പറ്റാത്തതോ സർക്കാർ ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്നതോ ആയ ജീവനക്കാരെയും ഗഡുക്കളായി ശമ്പളം വിതരണം ചെയ്യുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മാത്രമാണ് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ശമ്പളം കൈപ്പറ്റാത്തതായി ഉള്ളത്. സി.എം.ഡി സർക്കാർ ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്നതിനാൽ ഈ ഉത്തരവ് ബാധകമല്ല. |

സെക്ഷൻ ഓഫീസർ